# കേരള സർവകലാശാല

നം. പി.ആർ.118/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബജറ്റ് പാസ്സാക്കി

കേരള സർവകലാശാലയുടെ 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ഇന്നുചേർന്ന സെനറ്റ് യോഗത്തിൽ വിശദമായ ചർച്ചകൾക്കുശേഷം പാസ്സാക്കി.



അടിക്കുറിപ്പ് : ജൂലൈ ഒന്നിന് നടന്ന സെനറ്റ് യോഗത്തിൽ സിൻഡിക്കേറ്റംഗവും ഫിനാൻസ് കമ്മിറ്റി കൺവീനറുമായ ഡോ. റോസമ്മ ഫിലിപ്പ് ബജറ്റ് അവതരിപ്പിക്കുന്നു. വൈസ് ചാൻസലർ പ്രൊഫ. പി.കെ രാധാകൃഷ്ണൻ, പ്രോ-വൈസ് ചാൻസലർ ഡോ. എൻ വീരമണികണ്ഠൻ, രജിസ്ട്രാർ ഡോ. എം ജയപ്രകാശ് എന്നിവർ വേദിയിൽ.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)

### കമ്മ്യൂണിറ്റി ക്വോട്ട : റാങ്ക് ലിസ്റ്റ്

കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ കമ്മ്യൂണിറ്റി ക്വോട്ട വഴി ഡിഗ്രി (യു.ജി) (2016-17) പ്രവേശനത്തിന് അപേക്ഷിച്ചവരുടെ റാങ്ക് ലിസ്റ്റ് അതത് കോളേജുകളിൽ പ്രസിദ്ധീകരിച്ചു. പ്രവേശനം ആരംഭിക്കുന്ന തീയതി പിന്നീട് അറിയിക്കും.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

### ബി.എ ഫലം

കേരള സർവകലാശാല നടത്തിയ ആറാം സെമസ്റ്റർ ബി.എ (എഫ്.ഡി.പി - സി.ബി.സി.എസ്) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ അപേക്ഷിക്കാം.

### എൽ.എൽ.ബി ഫലം

കേരള സർവകലാശാല ഫെബ്രുവരിയിൽ നടത്തിയ ഏഴാം സെമസ്റ്റർ (പഞ്ചവത്സരം), മൂന്നാം സെമസ്റ്റർ (ത്രിവത്സരം) എൽ.എൽ.ബി 2011-12-ന് മുമ്പുള്ള അഡ്മിഷനുകൾ (അഡീഷണൽ/ മേഴ്സി ചാൻസ്) പരീക്ഷകളുടെ

ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ അപേക്ഷിക്കാം.

**ബി.ഫാം പരീക്ഷാകേന്ദ്രം**

കേരള സർവകലാശാല ജൂലൈയിൽ നടത്താനിരുന്ന മൂന്നാം ബി.ഫാം സപ്ലിമെന്ററി പരീക്ഷയ്ക്ക് ചേർത്തല സെന്റ് ജോസഫ് കോളേജ് ഓഫ് ഫാർമസി പരീക്ഷാകേന്ദ്രമായിരിക്കും.

*(ആലപ്പുഴ എഡിഷനിലും പ്രസിദ്ധീകരിക്കുന്നതിന്)*

**ബി.എസ്സി ഫലം**

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.എസ്സി സി.ബി.സി.എസ് പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജൂലൈ 27 വരെ അപേക്ഷിക്കാം.

**എം.എഫ്.എ ടൈംടേബിൾ**

കേരള സർവകലാശാല ജൂലൈ 11-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.എഫ്.എ (പെയിന്റിംഗ് & സ്കൾപ്ചർ) പരീക്ഷയുടെ ടൈംടെബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

**പി.ജി ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ് : അപേക്ഷ ക്ഷണിച്ചു**

കേരള സർവകലാശാല കാര്യവട്ടം ബയോടെക്നോളജി പഠനവകുപ്പിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിസ് ആൻഡ് ജീൻ ടെക്നോളജി നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ എട്ട്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ. 0471-2308778.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
02.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in